# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 21 No. 02 | PUBLISHED FROM DELHI | PRICE Rs. 3/- | FEBRUARY 2017


# ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്

## 23-ാമത് ജനറൽ കൺവൻഷൻ മാർച്ച് 1 -5 വരെ അടൂരിൽ

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെ ഇരുപത്തിമൂന്നാമത് ജനറൽ കൺവൻഷൻ 2017 മാർച്ച് 1 മുതൽ 5 വരെ അടൂർ നെല്ലിമൂട്ടിൽപടി ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 1-ാം തീയതി വൈകിട്ട് ആറുമണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ വച്ച് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ പ്രിൻസ് തോമസ് (റാന്നി), പാസ്റ്റർ പോൾസൺ സ്റ്റീഫൻ (എറണാകുളം) പാസ്റ്റർ അനീഷ് കാവാലം, പാസ്റ്റർ ജോയി പാറക്കൽ (അങ്കമാലി), പാസ്റ്റർ ജോയി സി. മാത്യു (കോട്ടയം), സഹോദരി ഒമേഗ സുനിൽ എന്നിവരാണ് ഈ വർഷത്തെ മുഖ്യ പ്രാസംഗികർ.

എല്ലാ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണി വരെ പൊതുയോഗം നടക്കും. കൺവൻഷനോടനുബന്ധിച്ച് സൺഡേ സ്ക്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.എം.എഫ്., എഫ്.സി.ഡബ്ള്യു.എ. എന്നീ പുത്രികാ സംഘടനകളുടെ വാർഷിക സമ്മേളനവും ശുശ്രൂഷക സമ്മേളനവും സ്നാനശുശ്രൂഷയും നടക്കുന്നതാണ്.

4-ാം തീയതി ശനിയേഴ്ച രാവിലെ പത്ത് മണിക്ക് അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഒമ്പതാമത് ബിരുദദാന സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ഡോ. സന്തോഷ് ജോൺ(തിരുവനന്തപുരം) മുഖ്യസന്ദേശം നൽകും. കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്യും.

ഞായറാഴ്ച രാവിലെ നടക്കുന്ന സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ ജനറൽ കൺവൻഷൻ സമാപിക്കും.ഫെയ്ത്ത് സീയോൻ സിംഗേഴ്സും ഫെയ്ത്ത് ബാന്റും ആരാധനയ്ക്ക് നേതൃത്വം നൽകും.

കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു. പാസ്റ്റർ വി.എം. ഏബ്രഹാം(പ്രാർത്ഥന), പാസ്റ്റർ സുമേഷ് പി. ലാസർ (പരസ്യം, സാമ്പത്തികം), പാസ്റ്റർ തങ്കച്ചൻ ഡേവിഡ് (ഭക്ഷണം), സുവി. ജോസ് ദാനം (ഗാനശുശ്രൂഷ), സുവി. ജോൺസൻ ഡാനിയേൽ(വോളന്റിയേഴ്സ്), പാസ്റ്റർ സാം വില്യം (പ്രോഗ്രാം) എന്നിവർ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു.

കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥനാ കമ്മറ്റിയുടെ നേതൃത്വത്തിൽ 2016 ഡിസംബർ 23 മുതൽ 2017 ഫെബ്രുവരി 24 വരെ എല്ലാ വെള്ളിയാഴ്ചകളിലും ഓരോ സഭകളിൽ വച്ച് ഉപവാസ പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. കൺവൻഷന്റെ അനുഗ്രഹത്തിനായി ***വിശ്വാസി*** വായനക്കാരുടെ പ്രാർത്ഥന പ്രതീക്ഷിക്കുന്നു.


പാസ്റ്റർ എം.സാമുവൽകുട്ടി


പാസ്റ്റർ പ്രിൻസ് തോമസ്


പാസ്റ്റർ പോൾസൺ സ്റ്റീഫൻ


പാസ്റ്റർ അനീഷ് കാവാലം


പാ. ജോയി പാറയ്ക്കൽ


പാ. ജോയി സി. മാത്യു


ഡോ. സന്തോഷ് ജോൺ


സഹോദരി ഒമേഗാ സുനിൽ

## ഡോക്ടറേറ്റ് ലഭിച്ചു

**ന്യൂഡൽഹി:** ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യ അസോസിയേറ്റ് ഡയറക്ടറും ഐ.പി.സി. കൗൺസിലംഗവുമായിരുന്ന പരേതനായ സുവി. ടി.സി. മാത്യുവിന്റെ മൂത്ത മകൾ മിലിൻസി മാത്യുവിന് ന്യൂഡൽഹി ജാമിയ മിലിയ യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽ വർക്കിൽ ഡോക്ടറേറ്റ് ലഭിച്ചു.

Health related quality of life and supportive care needs of women with breast cancer എന്നതായിരുന്നു ഗവേഷണ വിഷയം. ഡൽഹിയിലെയും കേരളത്തിലേയും കാൻസർ ആശുപത്രികളുമായി സഹകരിച്ചായിരുന്നു ഗവേഷണം.

ഭർത്താവ്, പരേതനായ ഫെബിൻ മാത്യു, പിതാവ് ടി.സി. മാത്യു റിട്ടയേർഡ് എ.ഇ.ഒ. ആയിരുന്നു. മാതാവ് മേരിമാത്യു പ്രധാനധ്യാപികയായി വിരമിച്ചു. ജിൽസി മാത്യു ഏക സഹോദരിയാണ്.



കഠിനമായ ജീവിതപടവുകളിലൂടെ നടന്ന് ഉന്നതവിജയം കരസ്ഥമാക്കിയ മിലിൻസിക്ക് *വിശ്വാസി*യുടെ അഭിനന്ദനങ്ങൾ.

## പ്രത്യേക അറിയിപ്പ്

***വിശ്വാസി മാസിക*** പ്രസിദ്ധീകരണത്തിന്റെ ഇരുപത്തിയൊന്നാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 1997 ജനുവരിയിലാണ് മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. ഇന്നും ഇത് ഒരു ശുശ്രൂഷയായി തുടരുവാൻ കഴിയുന്നത് ദൈവമക്കളുടെ പ്രാർത്ഥനയുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങളുടേയും ഫലമായിട്ടാണ് എന്നുള്ളത് ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ *വിശ്വാസി* മാസികയുടെ പ്രിന്റ് എഡിഷൻ 2017 ഏപ്രിൽ മാസത്തോടെ അവസാനിപ്പിക്കുകയാണ്. ഈ-മെയിലിലും ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ വെബ്സൈറ്റിലും (www.indianchristianmission.com) മാസിക പി.ഡി.എഫ്. രൂപത്തിൽ തുടർന്നും ലഭിക്കുന്ന താണ്.

*വിശ്വാസി* മാസിക പി.ഡി.എഫ് ആയി ഇ-മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ-മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

തുടർന്നും വായനക്കാരുടെ സമ്പൂർണ്ണ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പത്രാധിപ സമതിക്കുവേണ്ടി,
പാസ്റ്റർ എം. സാമുവൽകുട്ടി

*ഉൾപേജുകളിൽ...*


പുതിയ ആകാശം പുതിയ ഭൂമി : പാസ്റ്റർ എം.സാമുവൽകുട്ടി

സുവിശേഷകന്റെ യോഗ്യതകൾ : പാസ്റ്റർ ജോസ് ശാമുവേൽ ന്യൂഡൽഹി

കുഷ്ഠരോഗികളുടെ സദ്വർത്തമാനദിനം : പാസ്റ്റർ അനു സി. സാമുവൽ, ജയ്പൂർ

മഞ്ഞ് പെയ്യട്ടെ ! : ഇവാ. സാംസൺ സാമുവൽ





പത്രാധിപ ലേഖനം.......

# പുതിയ ആകാശവും പുതിയ ഭൂമിയും



കഴിഞ്ഞ ജനുവരി 21 ശനിയാഴ്ച മാതൃഭൂമി പത്രത്തിൽ മുൻ നയതന്ത്ര പ്രതിനിധി ശ്രീ. ടി.പി. ശ്രീനിവാസൻ എഴുതിയ ട്രംപ് ഭ്രാന്തനോ സ്വപ്നജീവിയോ എന്ന ലേഖനത്തിലെ അവസാന ഖണ്ഡികയിലെ, ഇന്നുമുതൽ ലോകം മാറിയിരിക്കുവെന്നും ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉദയം ചെയ്തിരിക്കുന്നുവെന്നും തീർച്ചയാണ് എന്ന വാചകമാണ് ഈ വരികൾ കുറിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്.

മാറിമാറി വരുന്ന നേതാക്കന്മാരിലൂടെ ലോകത്തിന് ഒരു മാറ്റമുണ്ടാകും എന്നുള്ള ചിന്തയാണ് ഈ വാചകമെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്നുള്ളത് സത്യമാണെങ്കിലും അക്ഷരീകമായി പുതിയ ആകാശവും പുതിയ ഭൂമിയും നിർമ്മിക്കുവാൻ കഴിയുന്നവൻ നാം സേവിക്കുന്ന യേശുക്രിസ്തു മാത്രമാണെന്ന് ലോകം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ലോകത്തിൽ ഇന്നുള്ള പ്രധാന മതങ്ങൾ എല്ലാംതന്നെ വർത്തമാന ലോകത്തിന് അധികം താമസിക്കാതെ അന്ത്യം ഉണ്ടാകുമെന്നും ശോഭനസുന്ദരമായ പുതിയ ഒരു യുഗം പിറക്കുമെന്നും വിശ്വസിക്കുന്നു. മനുഷ്യനാൽ അല്ല, ദൈവത്താൽ തന്നെ സ്ഥാപിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യുന്ന കള്ളവും ചതിയും വേദനയും വെറുപ്പും വലിപ്പവും ചെറുപ്പവും വാശിയും മതവിദ്വേഷവും തീവ്രവാദവും വഴക്കുമില്ലാത്ത ഒരു പുതിയ ലോക വ്യവസ്ഥിതിയാണ് ഈ മതങ്ങൾ എല്ലാം തന്നെ വിഭാവനം ചെയ്യുന്നത്. എത്രയും വേഗം വാഗ്ദത്ത മശിഹ ലോകത്തിൽ വന്ന് മോശ മുഖാന്തരം തങ്ങളുടെ പിതാക്കന്മാർക്ക് അവകാശമായി കൊടുത്ത വാഗ്ദത്ത ദേശം അഥവാ പാലും തേനും ഒഴുകുന്ന വിശുദ്ധഭൂമി ഇതര ജാതികളിൽ നിന്നും രാഷ്ട്രങ്ങളിൽ നിന്നും പിടിച്ചെടുത്ത് ശാശ്വത അവകാശമായി മടക്കിക്കൊടുക്കുമെന്നും നൂറ്റാണ്ടുകളായി നഷ്ടപ്പെട്ടുകിടക്കുന്ന ആരാധന പുനസ്ഥാപിച്ച് മശിഹയുടെ കീഴിൽ ഒരു ക്ഷേമരാഷ്ട്രമായി തങ്ങൾ വാഴുമെന്നും യഹൂദൻ വിശ്വസിക്കുന്നു.

ക്രിസ്തീയ വേദശാസ്ത്രപ്രകാരം വിശുദ്ധ വേദപുസ്തകത്തോടുള്ള ബന്ധത്തിൽ മനുഷ്യന്റെ മരണം, മരണാനന്തര ജീവിതം, സ്വർഗ്ഗം, നരകം, കർത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനം, മരിച്ചവരുടെ പുനരുത്ഥാനം, സഭുടെ ഉൽപ്രാപണം, പീഡനകാലം, ആയിരമാണ്ട് വാഴ്ച, അന്ത്യന്യായവിധി, പുതിയ ആകാശം, പുതിയ ഭൂമി, നിത്യത എന്നീ വിഷയങ്ങൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

ഉല്പത്തി മുതൽ വെളിപ്പാട് വരെ മനുഷ്യരോടുള്ള ദൈവിക ഇടപാടുകളെ ഏഴ് യുഗങ്ങളായി തിരിച്ചിരിക്കുന്നു. അവ നിഷ്കൻമഷ യുഗം, മനസാക്ഷിയുഗം, മാനുഷിക ഭരണയുഗം, വാഗ്ദത്തയുഗം, ന്യായപ്രമാണയുഗം, കൃപായുഗം, സഹസ്രാബ്ദയുഗം എന്നിവയാണത്. കൃപായുഗത്തിന്റെ അന്ത്യത്തിലാണ് മനുഷ്യൻ ഇന്ന് എത്തിനിൽക്കുന്നത്. ഇനി ലോകത്തിൽ സംഭവിക്കുവാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ് കർത്താവിന്റെ വരവ്. അവന്റെ വരവിങ്കൽ മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ വിശുദ്ധന്മാരുടെ സംഘമായ ദൈവസഭ അവനോടുകൂടെ കടന്നുപോകും. അതിനുശേഷം ഈ ഭൂമിയിൽ 7 വർഷത്തെ അന്തിക്രിസ്തുവിന്റെ പീഡനകാലമായിരിക്കും. ആ കാലത്തിനുശേഷം ആയിരം ആണ്ടേക്ക് സാത്താൻ കെട്ടപ്പെടുകയും ക്രിസ്തു ഈ ഭൂമിയിൽ വാഴുന്ന സഹസ്രാബ്ദയുഗം ആരംഭിക്കുകയും ചെയ്യും. ആയിരമാണ്ട് കഴിയുമ്പോൾ സാത്താനെ തടവിൽ നിന്ന് അഴിച്ചുവിടും. അവൻ ഭൂമിയിലെ നാലുദിക്കിലുള്ള ജാതികളായി സംഖ്യയിൽ കടൽപുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നിവരെ യുദ്ധത്തിന് കൂട്ടിച്ചേർത്ത് ഭൂമിയിൽ പരക്കെ ചെന്ന് വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരമായ വിശുദ്ധനാടിനെയും വളയും. എന്നാൽ ആകാശത്ത് നിന്ന് തീയിറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപൊയ്കയിലേക്ക് തള്ളിയിടും. അവർ എന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും (വെളിപ്പാട് 20:7-10). തീയാൽ നശിപ്പിച്ച ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. അതിനുശേഷം ദൈവം ഒരു പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കും. ആ പുതിയ ഭൂമിയിലായിരിക്കും രക്ഷിക്കപ്പെട്ടവർ തങ്ങളുടെ നിത്യത ചെലവഴിക്കുന്നത്. അതാണ് യഥാർത്ഥ സ്വർഗ്ഗം. ആ പുതിയ ഭൂമിയിലാണ് പുതിയ യെരുശലേം സ്ഥാപിക്കപ്പെടുന്നത്. അവിടെയാണ് തങ്കതെരുവീഥികളും പളുങ്കുകൊണ്ടുള്ള ഗോപുരങ്ങളും ഉണ്ടായിരിക്കുന്നത്.

പാപവും ശാപവും ഇല്ലാത്ത, രോഗവും മരണവും ഇല്ലാത്ത പുതിയ ഭൂമിയും പുതിയ ആകാശവും ആയിരിക്കും അത്. അവിടെ സ്ഥാപിക്കപ്പെടുന്ന പുതിയ യെരുശലേമിന് പൊക്കമുള്ള വൻമതിലും 12 ഗോപുരങ്ങളും ഗോപുരങ്ങളിൽ 12 ദൂതന്മാരും ഉണ്ട്. യിസ്രയേൽ മക്കളുടെ 12 ഗോത്രങ്ങളുടെ പേരും അതിൽ കൊത്തിയിരിക്കും. നഗരത്തിന്റെ മതിലിന് 12 അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ അപ്പൊസ്തലന്മാരുടെ പേർ കൊത്തിയിരിക്കും. നഗരം സമചതുരമാണ്. അളവുകോൽ കൊണ്ടുള്ള നഗരത്തിന്റെ അളവ് 1200 നാഴിക. അതിന്റെ നീളവും വീതിയും ഉയരവും സമം തന്നെ. അതിന്റെ മതിൽ 144 മുഴം. മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്ച്ഛസ്ഫടികത്തിനൊത്ത തങ്കവും ആണ്. നഗരമതിലിന്റെ അടിസ്ഥാനങ്ങൾ ഓരോവിധ രത്നങ്ങൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവ, സൂര്യകാന്തം, നീലരത്നം, മാണിക്യം, മരതകം, നഖവർണ്ണി, ചുമപ്പ്കല്ല്, പീതരത്നം, ഗോമേദകം, പുഷ്യരാഗം, വൈഡൂര്യം, പത്മരാഗം. സുഗന്ധികല്ല് എന്നിവയാണത്. 12 ഗോപുരവും 12 വിധ മുത്തുകൾ കൊണ്ടുള്ളതാണ്. നഗരവീഥി സ്വച്ഛസ്ഫടികത്തിന് തുല്യമായ തങ്കമാണ്. നഗരത്തെ പ്രകാശിപ്പിക്കുവാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല. ദൈവതേജസ് അതിനെ പ്രകാശിപ്പിക്കും. കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

വേദപുസ്തകത്തിൽ ആകാശം എന്ന വാക്ക് മേഘങ്ങളേയും ശൂന്യാകാശത്തേയും ദൈവസിംഹാസനത്തേയും കുറിക്കുന്നതാണ് എന്നത് നാം മറക്കുവാൻ പാടില്ല. അതുകൊണ്ട് വെളിപ്പാട് 21:1ൽ പറഞ്ഞിരിക്കുന്ന പുതിയ ആകാശം ഇവ എല്ലാം ഉൾപ്പെടുന്നവയാണെന്ന് നാം മനസ്സിലാക്കണം. ചുരിക്കിപറഞ്ഞാൽ ഈ അഖിലാണ്ഡത്തെ മുഴുവൻ പുതുതായി സൃഷ്ടിക്കുവാൻ കഴിവുള്ളവൻ സർവ്വശക്തനായ ദൈവം മാത്രമാണ്.

സകലത്തിനും ഒരു പുതിയ ആരംഭം കുറിക്കുവാൻ ദൈവം തീരുമാനിച്ചിരിക്കുന്നു എന്നത് സത്യമായ കാര്യമാണ്. അന്ന് ദൈവം നമ്മോടുകൂടെ പുതിയ യെരുശലേമിൽ എപ്പോഴും വസിക്കും. അതുവരെ നീതി അതിവസിക്കുന്ന ആ പുതിയ ഭൂമിക്കായി നമുക്ക് വിശുദ്ധിയോടെ നോക്കിപ്പാർക്കാം.

പാസ്റ്റർ എം. സാമുവൽകുട്ടി

# മഞ്ഞുപെയ്യട്ടെ!

(നാലാം പേജിൽ നിന്ന് തുടർച്ച)

മായിരുന്നു.

അതൊരു രൂപാന്തരീകരണ അനുഭവമായിരുന്നു. എന്റെ മാനസിക സംഘർഷത്തിനും വേദനയ്ക്കും സംഭവിച്ച മാറ്റത്തെക്കാളുപരി പ്രകൃതിയോടുള്ള എന്റെ വീക്ഷണഗതിയി ലുണ്ടായ ഒരു പരിവർത്തനമായിരുന്നു അത്. ഞാൻ ചുറ്റും നോക്കിയപ്പോൾ എല്ലായിടവും മഞ്ഞ് വീഴ്ചയാൽ വെള്ള പുതച്ച് കിടക്കുകയായിരുന്നു. അത് വളരെ മനോഹരമായിരുന്നു. എന്റെ ബാല്യകാലത്ത് സണ്ടേസ്കൂൾ അധ്യാപകൻ സ്വർഗ്ഗത്തെക്കുറിച്ചും അതെങ്ങനെയായിരിക്കുമെന്നും പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ മനസ്സിൽ കണ്ട ചിത്രങ്ങളെ ഓർമ്മിപ്പിക്കുംവിധം അതിമനോഹരമായിരുന്നു ആ കാഴ്ച. എങ്ങും വെൺമ മാത്രം. അന്നെന്റെ ഫെയ്സ് ബുക്കിൽ ഞാനിങ്ങനെ എഴുതി; *ഇന്ന് രാവിലെ സെമിനാരി കെട്ടിടത്തിലേക്ക് നടന്നുപോകുമ്പോൾ പ്രകൃതിയുടെ മനോഹാരിത കണ്ടിട്ട് ഒരു സെൽഫി എടുക്കുവാൻ തോന്നി. യെശയ്യാവ് 1:18ഉം സങ്കീർത്തനം 51:7 ഉം എന്റെ മനസ്സിലേക്ക് ഓടിയെത്തി. പരമാധികാരിയായ ദൈവത്തോട് പാപക്ഷമയ്ക്കായിട്ടും എന്റെ ഹൃദയത്തേയും മനസ്സിനെയും ഹിമം പോലെ വെളുപ്പിക്കാനും പ്രാർത്ഥിച്ചു. ശൈത്യത്തെയും മഞ്ഞിനെയും ഞാൻ വെറുത്തിരുന്നതിനാൽ അത് പാപക്ഷമയുടെ ഒരു പ്രാർത്ഥനയായിരുന്നു. കാരണം ഭൂമിയെ തണുപ്പിക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയാണത് എന്നു ഞാൻ തിരിച്ചറിയാതെ പോയി.*

ഹിമശൈലവും മഞ്ഞും ഭൂലോകത്തിന്റെ കാലാവസ്ഥാ വ്യവസ്ഥയുടെ പ്രധാന ഘടകങ്ങളും വിശിഷ്യാ ആഗോള താപനത്തെ ഭേതിക്കത്തക്കതുമാണ്. അവ വടക്കൻപ്രദേശങ്ങളിലെ സ്ഥായിയായ ജീവിതരീതികളെ അനുകൂലിക്കുന്ന ആവാസവ്യവസ്ഥയുടെ അഭിവാജ്യഘടകങ്ങളാണ്. പർവ്വത ശിഖരങ്ങളിൽ നിന്ന് ദ്രവീഭവിക്കുന്ന മഞ്ഞ്, കൃഷിക്കും ഗാർഹിക ജലവിതരണത്തിനും ജലവൈദ്യുതി നിലയങ്ങൾക്കും വ്യവസായങ്ങൾക്കും ആവശ്യമായ ജലം നദിക ൾക്ക് നൽകുന്നു. ഹിമശൈലത്തിന്റെയും മഞ്ഞിന്റെയും കുറവ് ആഗോളതാപനത്തിന്റെ വർദ്ധനവിലേക്ക് നയിക്കും.

എനിക്കു വേണ്ടിയുള്ള ദൈവീകകരുതലുകളും, മഞ്ഞും ഹിമശൈലവും പോലെയുള്ള ദൈവീകസൃഷ്ടികളും മനസ്സിലാക്കാതെ പോയതുകൊണ്ട് ഞാനെത്ര ബുദ്ധിശൂന്യനും ലജ്ജിതനുമാണെന്ന് എനിക്ക് മനസ്സിലായി. തികച്ചും വ്യത്യാസ്തമായ ഒരു കാഴ്ചപ്പാടാണ് എനിക്കിപ്പോൾ ഉള്ളതെന്ന് ഞാനംഗീകരിച്ചേ മതിയാവുകയുള്ളു. മഞ്ഞ് കണങ്ങൾക്ക് രോഗശമനശക്തിയും, ബലപ്പെടുത്തുവാനുള്ള പ്രാപ്തിയും, വിമോചനസാമിപ്യവും ഉണ്ട്. സെമിനാരി കെട്ടിടത്തിലേക്ക് നടന്നുകയറിയപ്പോൾ ഞാൻ വ്യത്യസ്തനായ ഒരു വ്യക്തിയായിരുന്നു. ഇനി വരുന്ന ഹേമന്തത്തിലെ മഞ്ഞിനു വേണ്ടി അധിക നാൾ കാത്തിരിക്കുവാൻ എനിക്കാവില്ല. മഞ്ഞ് പെയ്യട്ടെ... മഞ്ഞ് പെയ്യട്ടെ...മഞ്ഞ് പെയ്യട്ടെ...

**(ചിക്കാഗോ ലൂഥറൻ സ്കൂൾ ഓഫ് തിയോളജിയിലെ വിദ്യാർത്ഥിയായ ലേഖകന്റെ *ആരാധനയുടെ സൗന്ദര്യം* എന്ന ലേഖന പരമ്പരയിൽ ഉൾപ്പെട്ട ലേഖനം. പരിഭാഷ: പാസ്റ്റർ ബിനോയി പി. ജോൺ, ഡൽഹി)**


## MATRIMONIAL

ഡൽഹിയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ സ്റ്റാഫ് നെഴ്സായി (ജി.എൻ.എം) ജോലി ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതിക്ക് (24 വയസ്, 162 സെ.മീ. ഉയരം, ഫെയർ) ആത്മീയരായ പെന്തക്കോസ്ത് യുവാക്കളുടെ (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9061619793, 9207069093.



**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | $ :10 |
| കാനഡ | $ :10 |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ

പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്

തോമസ് ഡാനിയേൽ

പാസ്റ്റർ ബിജു ബഞ്ചമിൻ

പാസ്റ്റർ ബിനോയി പി. ജോൺ

ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ

ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# സുവിശേഷകന്റെ യോഗ്യതകൾ

വേദപുസ്തക വീക്ഷണത്തിൽ ഒരു സുവിശേഷകന്റെ അതിപ്രധാനമായ യോഗ്യതകൾ എന്തെല്ലാമാണ് എന്നാണ് തുടർവിചിന്തനം ചെയ്യുന്നത്.

**1. വ്യക്തിപരമായി രക്ഷയെക്കുറിച്ച് ഉറപ്പുള്ളവൻ**

സുവിശേഷകൻ വ്യക്തിപരമായി രക്ഷയെക്കുറിച്ച് ഉറപ്പുള്ളവനും ക്രിസ്തുവിൽ സംതൃപ്തി അനുഭവിക്കുന്നവനും ആയിരിക്കണം. ശമര്യ സ്ത്രീ, പിറവിയിലെ കുരുടൻ, പൗലൊസ് എന്നിവർക്ക് കർത്താവിനെക്കുറിച്ച് പറയുവാൻ സാധിച്ചത് അവർ വ്യക്തിപരമായി അവനെ കാണുകയും അവനിൽ നിന്നു കേൾക്കുകയും ചെയ്തതു കൊണ്ടാണ്.

**2. വേദപുസ്തകത്തിലെ പ്രായോഗിക ജ്ഞാനമുള്ളവൻ**

ഒരാത്മാവിനെ ക്രിസ്തുവിങ്കലേക്കു നടത്തുവാൻ എല്ലാ ദൈവശാസ്ത്ര വിഷയങ്ങളും ഉപദേശങ്ങളും പഠിച്ചിരിക്കണമെന്നില്ല. എന്നാൽ ആത്മാക്കളെ നേടുന്ന വ്യക്തി കുറഞ്ഞ പക്ഷം താഴെ പറയുന്ന 4 കാര്യങ്ങൾക്ക് ബൈബിൾ ഉപയോഗിക്കുവാൻ പഠിച്ചിരിക്കണം.

1. ഒരു വ്യക്തി പാപിയാണെന്നും അവനു ഒരു രക്ഷകനെ ആവശ്യമാണെന്നും തെളിയിക്കാൻ എങ്ങനെ തിരുവചനം ഉപയോഗിക്കണമെന്ന് ഒരു സുവിശേഷകൻ അറിഞ്ഞിരിക്കണം.

2. ആ രക്ഷകൻ യേശു മാത്രമാണെന്ന് തെളിയിക്കുവാൻ ബൈബിൾ ഉപയോഗിക്കേണ്ട രീതികൾ നാം മനസിലാക്കണം.

3. ക്രിസ്തുവിനെ എങ്ങനെ അയാളുടെ സ്വന്തം രക്ഷകനാക്കാം എന്ന് ബൈബിളിൽക്കൂടി മനസിലാക്കി കൊടുക്കാൻ അറിഞ്ഞിരിക്കണം.

4. ആ വ്യക്തി ക്രിസ്തുവിനെ അംഗീകരിക്കുന്നതിന് തടസ്സമായി ഉണ്ടാകാവുന്ന സംശയങ്ങൾക്കും തിരുവചനത്തിലൂടെ പരിഹാരം നൽകുവാൻ സുവിശേഷകൻ അറിഞ്ഞിരിക്കണം.

**3. ക്രമവും സ്ഥിരതയുമുള്ള പ്രാർത്ഥന ജീവിതം.**

ദൈവത്തിനു വേണ്ടി മനുഷ്യരോട് സംസാരിക്കുവാൻപോകുന്നവൻ ദൈവത്തോട് സംസാരിക്കാതെയാകുന്നു പോകുന്നതെങ്കിൽ അവൻ തന്റെ സമയം വെറുതെ പാഴാക്കുകയാണ്. സുവിശേഷീകരണം തുടങ്ങുന്നതും പ്രാർത്ഥനയിലാണ്. ഒരു സുവിശേഷകന് ദൈവസന്നിധിയിൽ ചിലവഴിക്കുവാൻ വേർപ്പെട്ട സമയം ഉണ്ടായിരിക്കേണം.

**4. ലോക മോഹമില്ലാത്തവൻ**

ഈ ലോകത്തിന്റെ മോഹ വലയങ്ങളിൽ നിന്നു വേർപ്പെട്ട ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നവൻ ആയിരിക്കണം

**5. ക്രിസ്തുവിന്റെ സ്വഭാവം ഉണ്ടായിരിക്കേണം**

ഒരു പുതു വിശ്വാസി ഒരിക്കൽ ഇപ്രകാരം പറഞ്ഞു; വാസ്തവത്തിൽ സുവിശേഷകൻ പറഞ്ഞ കാര്യങ്ങൾ അല്ല മറിച്ച് അദ്ദേഹത്തിന്റെ ജീവിത രീതിയാണ് നിത്യതയെക്കുറിച്ച് ചിന്തിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ ഉണ്ടാകുവാൻ അവനോട് കൂടെ ധാരാളം സമയങ്ങൾ നാം ചിലവഴിക്കേണ്ടതാണ്. ആത്മാവിന്റെ 9 ഫലങ്ങളെ മൂന്ന് മൂന്നായി തിരിച്ച് പഠിച്ചാൽ,

യോഗ്യതയില്ലാത്ത സ്ഥാനത്ത് ദൈവം നമ്മെ യോഗ്യരാക്കി തീർത്ത് ജാതികൾക്ക് വെളിപ്പെടാത്ത ആ വലിയ മർമ്മം നമ്മിൽ പകർന്ന തന്ന വലിയവനായ ദൈവത്തിന് സ്തോത്രം. ആ വലിയ മർമ്മം പ്രസ്താവിക്കുവാൻ പ്രതിഫലേച്ഛ ഇല്ലാതെ, രാപകൽ ഇല്ലാതെ പ്രവർത്തിക്കുന്നവന് കൊടുക്കുവാൻ കൂലി കർത്താവിന്റെ കൈയിലും പ്രതിഫലം അവന്റെ പക്കലും ഉണ്ട്

1. സ്നേഹം, സന്തോഷം, സമാധാനം ഇത് നാം ദൈവത്തിൽ നിന്ന് പ്രാപിക്കേണ്ടതാണ്.
2. ദീർഘക്ഷമ, ദയ, പരോപകം നമ്മിൽ നിന്ന് മറ്റുള്ളവരിലേക്ക് പകരേണ്ടതാണ്
3. വിശ്വസ്തത, സൗമ്യത, ഇന്ദ്രജയം നമ്മിൽ തന്നെ നിറഞ്ഞു നിൽക്കേണ്ടതാണ്

**6. ക്രിസ്തുവിന്റെ മനസലിവ്**

ക്രിസ്തുവിന്റെ സ്വഭാവമുണ്ടെങ്കിലും ആത്മഭാരം, ഇല്ലാത്തവരെ കണ്ടിട്ടുണ്ട് എന്നാൽ യേശു ആകട്ടെ മനോഹരമായ ഒരു സ്വാഭാവത്തിന്റെയും ഉദാത്തമായ മനസലിവിന്റെയും സമതുലിത അനുഭവം ഉള്ളവൻ ആയിരുന്നു

**7. പരിശുദ്ധാത്മാവിന്റെ അനുഭവം**

പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനങ്ങൾക്ക് മാത്രമേ സുവിശേഷ വേലയിൽ ഫലം ഉളവാകുവാൻ കഴിയൂ. സാക്ഷ്യം പറയുന്നതിന് ഉപോൽഫലമായി പരിശുദ്ധാത്മാവിനെ വാഗ്ദത്തം ചെയ്തിരിക്കുന്നു. ശിഷ്യന്മാർ പരിശുദ്ധാത്മാവ് നിറഞ്ഞപ്പോൾ ധൈര്യത്തോടെ വചനം പ്രസംഗിച്ചു. ഒരു സുവിശേഷകൻ ആത്മാവിൽ നിറയപ്പെടേണം എന്നതും ആത്മാവിൽ നടത്തേണം എന്നതും അത്യാവശ്യമാണ്. ആത്മാവിനാൽ നടത്തപ്പെട്ടാൽ ശുശ്രൂഷയുടെ സഫലീകരണം കാണുവാൻ സാധിക്കും. ആകയാൽ ആത്മനിറവിൽ ജീവിതം ഉള്ളവനായിരിക്കട്ടെ സുവിശേഷകൻ.



**പാസ്റ്റർ ജോസ് ശാമുവേൽ**
**ന്യൂഡൽഹി**

സുവിശേഷത്തിന്റെ മർമ്മം എല്ലാവരിലും പ്രകാശിക്കപ്പെടേണം എന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. അതിനുവേണ്ടി സമയാ സമയങ്ങളിൽ തന്റെ ഭക്തന്മാരിൽക്കൂടി ആ ദൗത്യം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. സ്നേഹിതരേ സുവിശേഷത്തിന് വേണ്ടി ധീരമരണം വരിച്ച ഭക്തന്മാർ ഏറെയാണ്. തീയിൽ ചുട്ടും, വാളുകൊണ്ട് അറുത്തും, ജീവനോടെ മണ്ണിനടിയിൽ കുഴിച്ചിട്ടും, മൃഗങ്ങൾക്ക് ഇരയായും എന്തിനേറെ! പീഡകളുടെ നടുവിലൂടെ സുവിശേഷം മുന്നേറി കൊണ്ടിരിക്കുകയാണ്.

യോഗ്യതയില്ലാത്ത സ്ഥാനത്ത് ദൈവം നമ്മെ യോഗ്യരാക്കി തീർത്ത് ജാതികൾക്ക് വെളിപ്പെടാത്ത ആ വലിയ മർമ്മം നമ്മിൽ പകർന്ന തന്ന വലിയവനായ ദൈവത്തിന് സ്തോത്രം. ആ വലിയ മർമ്മം പ്രസ്താവിക്കുവാൻ പ്രതിഫലേച്ഛ ഇല്ലാതെ രാപകൽ ഇല്ലാതെ പ്രവർത്തിക്കുന്നവന് കൊടുക്കുവാൻ കൂലി കർത്താവിന്റെ കൈയിലും പ്രതിഫലം അവന്റെ പക്കലും ഉണ്ട്.

# കുഷ്ഠരോഗികളുടെ സദ്വർത്തമാനം

(നാലാം പേജിൽ നിന്ന് തുടർച്ച)

പോലും ശേഷിക്കാതെയുള്ള അരാമ്യപാളയം! സന്ധ്യാസമയത്ത് രഥങ്ങളുടേയും കുതിരകളുടെയും മഹാസൈന്യത്തിന്റെയും ആരവം കർത്താവ് അരാം പാളയത്തിൽ മുഴക്കി. അതിനാൽ, യിസ്രയേലിനേയും സഖ്യരാജ്യങ്ങളേയും ഭയന്നുള്ള അരാമ്യരുടെ ഓട്ടത്തിന്റെ ബാക്കി പത്രമായിരുന്നു ആ കുഷ്ഠരോഗികൾ അവിടെ കണ്ടത് (2 രാജ. 7:6).

അതേ സമയം ശമര്യാ രാജാവും പട്ടണവാസികളും ഇതൊന്നുമറിയാതെ (ഇല്ലാത്ത) ശത്രുവിനെ ഭയപ്പെട്ടു ക്ഷാമകാലത്തിന്റെ വറുതിയെ പഴിച്ചുകൊണ്ട് മണിക്കൂറുകൾ തള്ളിനീക്കുന്നു! ഏതുസമയവും പൊട്ടിപുറപ്പെടാവുന്ന ഒരു യുദ്ധത്തിന്റെ പ്രതീക്ഷയിൽ അവർ ഭയചികിതരായിരിക്കുന്നു. പട്ടണത്തിനു പുറത്തിറങ്ങാൻ കഴിയാഞ്ഞവരുടേയും പട്ടണത്തിന് പുറത്തിറങ്ങിയവരുടേയും വീക്ഷണം ശ്രദ്ധിക്കേണമേ! രണ്ടുകൂട്ടരും മരണത്തെ മുഖാമുഖം കണ്ടവരെങ്കിലും പട്ടണത്തിനു പുറത്തിറങ്ങിയവരുടെ മുമ്പിൽ പ്രതീക്ഷയുടെ നീർച്ചാലുകൾ പ്രത്യക്ഷമായി. ഈ പ്രത്യേക ദിവസത്തിന് കുഷ്ഠരോഗികൾ വിളിച്ച പേരാണ് സദ്വർത്തമാന ദിവസം. മാത്രമല്ല, സദ്വർത്ത മാനദിവസത്തിന്റെ അറിയിപ്പ് രാജസന്നിധിയിൽ എത്തിച്ചില്ലെങ്കിൽ വന്നു ഭവിക്കുന്ന അനർത്ഥത്തെക്കുറിച്ചുള്ള ബോധ്യം നിമിത്തം അവർ ത്വരിതഗതിയിൽ രാജസന്നിധിയിൽ വിവരം ബോധിപ്പിച്ചു. അങ്ങനെ ക്ഷാമം നീങ്ങത്തക്ക നിലയിൽ ശമര്യയിൽ ശത്രുപാളയത്തിലെ ഭക്ഷ്യവസ്തുക്കൾ വിതരണം നടത്തി. എലീശാ പ്രവാചകൻ കഴിഞ്ഞ ദിവസം നടത്തിയ പരസ്യപ്രവചനം അക്ഷരത്തെറ്റില്ലാതെ നിറവേറപ്പെടുകയായിരുന്നു ഇവിടെ (2 രാജ. 7:1).

യിസ്രയേലിന്റെ ചരിത്രത്തിൽ കരിനിഴൽ പരത്താൻ പോന്ന തയ്യാറെടുപ്പോടെ പട്ടണത്തെ അടച്ചു പാളയമിറങ്ങിയ അരാം സൈന്യത്തിന്റെ വിലപിടിപ്പുള്ള കൊള്ളവസ്തുക്കൾ യാതൊരു അദ്ധ്വാനവും കൂടാതെ കൈക്കലാക്കിയതിന്റെ ക്രെഡിറ്റ് കേവലം നാല് കുഷ്ടരോഗികളുടെ പേരിൽ ചാർത്ത പ്പെട്ടു. കാലാകാലങ്ങൾ ഉപയോഗിച്ചാലും തീരാത്ത അത്ര സമ്പത്തുകളുടെ ഉടമകളായി തീർന്ന സ്വപ്നതുല്യമായ അവസ്ഥ. വെറും രണ്ട് പാളയത്തിൽ കയറി തിന്നു കുടിച്ചു കഴിഞ്ഞപ്പോഴേക്കും ഉദരപൂരണം സംഭവിച്ചു കഴിഞ്ഞു. അവിടെ നിന്നുള്ള കൊള്ള കണ്ട് നയനങ്ങളും ഹൃദയവും നിറഞ്ഞു കഴിഞ്ഞു. ഇനിയും നിരവധി കൂടാരങ്ങൾ കണ്ണെത്താദൂരത്തിൽ നിറഞ്ഞു കിടക്കുന്നു. പക്ഷേ അടുത്ത വാക്യത്തിൽ പ്രകടമായിരിക്കുന്ന കുഷ്ടരോഗികളുടെ തിരിച്ചറിവ് ഒരു വലിയ സാധ്യതയിലേക്കുള്ള പ്രവേശന കവാടമാണ് തുറന്നു വച്ചിരിക്കുന്നത്. നാം ചെയ്യുന്നത് ശരിയല്ല. എന്താ ശരിയല്ലോത്തതായി അവർ ചെയ്തത്? തിന്നു കുടിച്ചതോ? അതോ കൊള്ളമുതൽ കൈവശപ്പെടുത്തിയതോ? അവർ തന്നെ ഏറ്റുപറയുന്നു; ഇന്ന് സദ്വർത്തമാന ദിവസമല്ലോ, നാം മിണ്ടാതെയിരിക്കുന്നു. (വാക്യം 7:9). സദ്വർത്തമാന ദിവസത്തിലെ മൗനാവലംബം തികഞ്ഞ തെറ്റായി അവർ തിരിച്ചറിയുന്നു.

പൗലൊസ് അപ്പൊസ്തലന്റെ വാക്കുകൾ ഇതിനോടൊപ്പം ചേർത്ത് വയ്ക്കുന്നത് നാം വസിക്കുന്ന ഈ കാലഘട്ടത്തെ കുറിച്ചുള്ള ഉൾകാഴ്ച നമ്മിൽ ആകൃതിപ്പെടുത്തുന്നതിന് ഹേതുവാകുമെന്ന് ഞാൻ ആശിക്കുന്നു. ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം (2 കൊരി. 6:2). നാം കൃപയാൽ രക്ഷിക്കപ്പെട്ടു മതിൽക്കെട്ടിനുള്ളിലെ അസുലഭ അനുഗ്രഹങ്ങൾക്ക് അവകാശികളായി തീർന്നു. സ്തോത്രം... ശത്രുപാളയത്തിലെ ഉപേക്ഷിക്കപ്പെട്ട നിറവ് നാം കണ്ടെത്തി. സ്തോത്രം... എന്നാൽ ഈ സദ്വർത്തമാനം മതിൽക്കെട്ടിനുള്ളിൽ, നമ്മിൽ തന്നെ അനുഭവിച്ച് തീർക്കുകയാണോ? തിന്നുശേഷിപ്പിക്കത്തക്ക നിലയിൽ അപ്പന്റെ വീട്ടിൽ ആഹാരമുള്ളപ്പോൾ വിശപ്പുകൊണ്ട് നശിക്കുന്ന ഒരു ഭൂരിപക്ഷം ഈ വഴിയേ വരുന്നുണ്ടെന്ന കാര്യം നാം മറന്നുപോകരുത്! സുഭിക്ഷത്തിന്റെ അവകാശികളായിത്തീർന്ന കേവലം നാല് കുഷ്ഠരോഗികളെക്കാൾ എത്രയോ അനേക ലക്ഷങ്ങൾ പട്ടണത്തിനകത്തു പ്രാണഭയത്തിലും ക്ഷാമത്തിന്റെ കെടുതികളിലും ജീവിതം ജീവിച്ചുതീർക്കുന്നുണ്ടെന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ! നേരം അതിക്രമിക്കും മുൻപേ സദ്വർത്തമാനം അറിയിക്കാതിരുന്നാൽ കുറ്റം നമ്മുടെ മേൽ വരുമെന്ന് നാം ഗ്രഹിച്ചുകൊള്ളേണം.

സദ്വർത്തമാനം സുവിശേഷമാണ്. അതിന്റെ പ്രഖ്യാപനം മരണനിഴലിൽ നിന്നുള്ള മോചനം ഉറപ്പുതരുന്നു. അതിനെ പ്രാപിച്ചെടുത്ത നാം മൗനമായിരുന്നാൽ ആ മൗനം ശിക്ഷയെ നമ്മിലേക്ക് വിളിച്ചു വരുത്തും എന്ന് നാം അറിയാതിരിക്കരുത്. കാരണം, നാം പ്രാപിച്ചതു സ്വർഗ്ഗീയമായ വിളംബരമാണല്ലോ. അത് നമ്മിൽ തന്നെ ഒതുക്കി വയ്ക്കുവാൻ പാടുള്ളതല്ല. നേരം പുലരും മുമ്പേ മൗനം വെടിഞ്ഞു ഉത്തരവാദിത്വം നമുക്ക് നിർവ്വഹിക്കാം. നമ്മുടെ കർത്താവ് വരാറായി!

**വിശ്വാസ ഗീതങ്ങൾ**

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1000ൽപരം ഗാനങ്ങൾ

കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേമവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്), സ്നേഹ നിധി (എം. പി. ത്രീ) എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030
Ph. 9810084388 / 8130622968

87, Tenement-II, RBTB Hospital, Kingsway Camp, Delhi-110009 India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th February 2017
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

# കുഷ്ഠരോഗികളുടെ സദ്‌വർത്തമാനം



പാസ്റ്റർ അനു സി. സാമുവൽ
ജയ്പൂർ

വനത്തിൽ കൂടെ യാത്ര ചെയ്യുകയായിരുന്ന രണ്ടു പേരുടെ കഥ കേട്ടിട്ടുണ്ട്. അവർ ഒന്നിച്ചു യാത്ര തിരിച്ചു വളരെ ദൂരം എത്തിയപ്പോൾ കൈയിലുണ്ടായിരുന്ന വെള്ളവും ഭക്ഷണ പദാർത്ഥങ്ങളുമെല്ലാം തീർന്നു തികച്ചും അവശരായി തീർന്നു. വഴിയരികെ വിശ്രമിക്കുവാൻ തീരുമാനിച്ചു. അങ്ങനെയിരിക്കെ, ക്ഷീണം കൊണ്ടു അല്പം മയങ്ങി പോയ അവർ എപ്പോഴോ മയക്കത്തിൽ നിന്നുണർന്നപ്പോൾ കിളികളുടെ കളകളാരവവും ചിറകടിയൊച്ചയും ശ്രദ്ധിച്ചു. തൊട്ടടുത്തുള്ള ഒരു മതിൽ കെട്ടിനുള്ളിൽ നിന്നാണ് കിളികളുടെ സന്തോഷാരവം എന്ന് മനസ്സിലാക്കിയ അവരിൽ ഒരുവൻ ആ മതിൽക്കെട്ടിൽ വലിയ പ്രയത്നം ചെയ്തു അള്ളിപ്പിടിച്ചു കയറി. മതിലിനു മുകളിൽ കയറിയ അയാൾ അതിനുള്ളിൽ കണ്ട ദൃശ്യം ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു.

ആ നാല് മതിലുകളുടെയുള്ളിൽ വിവിധ വൃക്ഷങ്ങളും അതിൽ നിറച്ചു ഫലങ്ങളും! അവയിൽ ആഘോഷിക്കുന്ന പക്ഷികളുടെ കളകളാരവമാണ് മതിലിന്റെയുള്ളിലേക്ക് ഇദ്ദേഹത്തെ ആകർഷിച്ചത്. ഈ ദൃശ്യം കണ്ട മാത്രയിൽ തന്നെ അകത്തു പ്രവേശിച്ച താൻ പിന്നീട് അതിന്റെ പുറത്തിറങ്ങാതെ തന്റെ ജീവകാലം അതിന്റെ ഉള്ളിൽ കഴിച്ചു തീർത്തു. എന്നാൽ രണ്ടാമത്തെ വ്യക്തി ഒന്നാമത്തവനെ പോലെ മതിൽക്കെട്ടിനുള്ളിൽ പ്രവേശിച്ചെങ്കിലും അതിനുള്ളിൽ സ്ഥിരതാമസമാക്കാതെ മതിലിനു പുറത്തുവന്നു ആ വഴിയിൽ തന്നെ നിലയുറപ്പിച്ചു. ആ വഴിയായി ക്ഷീണിതരായി വരുന്ന യാത്രക്കാർക്ക് മതിൽക്കെട്ടിനുള്ളിലെ അസുലഭ ഫലങ്ങളിലേക്കുള്ള വഴികാട്ടിയായി നിന്നു എന്നാണ് കഥയുടെ അന്ത്യം.

എലീശായുടെ കാലത്തു ശമര്യയിൽ ഉണ്ടായ ഒരു ക്ഷാമത്തെപറ്റിയുള്ള വിവരണം 2 രാജ. 7ൽ നാം വായിക്കുന്നു. അരാമ്യപാളയത്തിലേക്ക് പോയ നാല് കുഷ്ഠരോഗികളുടെ ചരിത്രമിണിവിടെ. അരാം രാജാവായ ബെൻഹദദ്, ശമര്യയെ വളഞ്ഞു അതിനെ നിരോധിച്ച കാലത്തു അതികഠിനമായ ക്ഷാമത്തിൽ കൂടി കടന്നുപോകുന്ന ശമര്യയുടെ ചിത്രം 2 രാജ. 6:24 മുതൽ 7-ാം അദ്ധ്യായം മുഴുവനും നാം വായിക്കുന്നുണ്ട്. അത്യന്തം ദുഷ്കരമായ രാഷ്ട്രീയ അരാജകത്വം അരങ്ങേറിയ ആ കാലഘട്ടം പോലെ മറ്റൊന്ന് ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയർന്നു കൊണ്ടിരിക്കുന്നു (2 രാജ. 6: 25). ചില സ്ത്രീകൾ തങ്ങളുടെ സ്വന്തം കുഞ്ഞിനെ വെട്ടികണ്ടിച്ചു തിന്നുന്ന സ്ഥിതിവിശേഷം സംജാതമായി (2 രാജ. 6:28,29) എന്നു പറഞ്ഞാൽ പശ്ചാത്തലം വ്യക്തമാകുമല്ലോ! യഹോവയായ ദൈവം കൈവിട്ടെന്ന തിരിച്ചറിവ് രാജാവിനെ നിഷ്ക്രിയനാക്കി (2 രാജ. 6: 27). രാജാവ് വസ്ത്രം കീറുന്നു; രട്ടുടുക്കുന്നു (2 രാജ. 6:30). സകല കുഴപ്പത്തിനും കാരണം എലീശാ പ്രവാചകനാണെന്ന് പറഞ്ഞ് രാജാവ് കുറ്റം പ്രവാചകന്റെ മേൽ വച്ചുകെട്ടി തല വെട്ടിക്കളയാനുള്ള ശ്രമം നടത്തികൊണ്ടിരിക്കുന്നു. ആത്മീയ മേഖലയും രാഷ്ട്രീയ മേഖലയും തമ്മിൽ കൊമ്പ് കോർത്ത് രംഗം വീണ്ടും വഷളായിക്കൊണ്ടിരിക്കുമ്പോൾ ഇതിന്റെയെല്ലാം പിന്നാമ്പുറം പറ്റി മരണത്തിനായി കാത്തിരിക്കുന്ന നാല് കുഷ്ഠരോഗികളുടെ സംഭാഷണം 7-ാം അദ്ധ്യായത്തിന്റെ മൂന്ന് മുതൽ നാം വായിക്കുന്നു.

> സദ്‌വർത്തമാനം സുവിശേഷമാണ്. അതിന്റെ പ്രഖ്യാപനം മരണനിഴലിൽ നിന്നുള്ള മോചനം ഉറപ്പുതരുന്നു. അതിനെ പ്രാപിച്ചെടുത്ത നാം മൗനമായിരുന്നാൽ ആ മൗനം ശിക്ഷയെ നമ്മിലേക്ക് വിളിച്ചുവരുത്തും എന്ന് നാം അറിയാതിരിക്കരുത്. കാരണം, നാം പ്രാപിച്ചതു സ്വർഗ്ഗീയമായ വിരുന്നാണല്ലോ. അത് നമ്മിൽ തന്നെ ഒതുക്കിവയ്ക്കുവാൻ പാടുള്ളതല്ല. നേരം പുലരും മുമ്പേ മൗനം വെടിഞ്ഞു ഉത്തരവാദിത്വം നമുക്ക് നിർവ്വഹിക്കാം.

അവർ തമ്മിൽ ചർച്ച ചെയ്തു കൈക്കൊണ്ട തീരുമാനം യുക്തിപൂർവ്വമായിരുന്നു, എന്തായാലും മരിക്കണം. ആയതിനാൽ പട്ടണത്തിൽ പോയി കിടന്നു തന്നെ മരിക്കാമെന്ന ചിന്ത. അരാം പാളയത്തിൽ കയറി വാൾകൊണ്ട് കൊല്ലപ്പെട്ടാൽ ഏറ്റവും നല്ലതെന്നുള്ള അന്തിമ തീരുമാനത്തിൽ പാളയത്തിന്റെ പടിവാതിൽക്കൽ വരെ ചെന്ന ഈ നാൽവർ സംഘം കണ്ട കാഴ്ച അത്യന്തം വിസ്മയജനകമായിരുന്നു! ശൂന്യമായ ശത്രുപാളയം! ഉപേക്ഷിക്കപ്പെട്ട യുദ്ധസാമഗ്രികളും ആയുധങ്ങളും! അനാഥമായ കുതിരകളും കഴുതകളും! ഒരു പടയാളി

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

Faith Celebration Bible College, Shanthy Nagar, Police Station Road,
Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com

# മഞ്ഞുപെയ്യട്ടെ!



ഇവാ. സാംസൺ സാമുവൽ
ചിക്കാഗോ

അന്നൊരു തിങ്കളാഴ്ചയായിരുന്നു, 2015 ഫെബ്രുവരി രണ്ട്. എന്നെ സംബന്ധിച്ചിടത്തോളം മാനസിക സംഘർഷം നിറഞ്ഞ ഒരു ദിവസം. എന്റെ പ്രബന്ധത്തിന്റെ ആദ്യ പ്രതി അന്നെനിക്ക് അവതരിപ്പിക്കണമായിരുന്നു. സത്യത്തിൽ, സമയപരിധിക്കുള്ളിൽ ജോലികൾ തീർക്കുവാൻ സാധിക്കുമോ ഇല്ലയോ എന്നുള്ള സംശയത്താൽ ഒരു ആഴ്ച മൊത്തം മാനസിക പിരിമുറുക്കത്തിലായിരുന്നു ഞാൻ.

ആ ആഴ്ചയിലെ എന്റെ രാത്രികൾ ഉറക്കമില്ലാത്താവ യായിരുന്നു. ശരിയായ വിശ്രമമില്ലായ്മയും, തീവ്രമായ വായനയും, തുടർച്ചയായ കമ്പ്യൂട്ടർ ജോലികളും എന്റെ കണ്ണിനെ കഠിനമായി ബാധിച്ചു. കണ്ണുകൾ ചുവന്നു, ചുടും ഭീതിജനകമായ വേദനയും അനുഭവപ്പെട്ടു.

രാവിലെ എട്ടുമണിക്ക് ഞാനുണർന്നു. എന്റെ പ്രബന്ധാവതരണത്തിന് ഒരു മണിക്കൂർ മുമ്പ് കോളജ് വളപ്പിൽ ചെന്നെത്തണമെന്ന് ഞാനാഗ്രഹിച്ചു. പത്ത് മണിയ്ക്കാണ് പ്രബന്ധാവതരണം നിശ്ചയിക്കപ്പെട്ടിരുന്നത്. നേരത്തെതന്നെ എത്തി കോളജിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട സ്ഥലമായ ചാപ്പലിൽ അല്പസമയം ചെലവിടാം എന്ന് ഞാനാഗ്രഹിച്ചു.

ഞാൻ പാർത്തിരുന്ന പാർപ്പിട സമുച്ചയത്തിൽ നിന്നും എട്ടരയോടെ ഇറങ്ങിനടന്നു. സുരക്ഷിതവും ഊഷ്മളവും സുഖകരവുമായ അപ്പാർട്ട്മെന്റിലെ എന്റെ മുറിയിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു ലോകത്തേക്കാണ് ഞാൻ പോകുന്നതെന്ന് ഞാൻ തിരിച്ചറിഞ്ഞിരുന്നില്ല. വെളിയിൽ കോച്ചുന്ന തണുപ്പായിരുന്നു. അഞ്ചാറു ദിവസങ്ങളായി ഞാനെന്റെ താമസസ്ഥലം വിട്ട് പുറത്തിറങ്ങിയിട്ട്. അമേരിക്കയിൽ എനിക്ക് ആദ്യത്തെ ശൈത്യകാലവും ആയിരുന്നു. അന്ന് മഞ്ഞും പെയ്യുന്നുണ്ടായിരുന്നു. സത്യത്തിൽ തണുപ്പ് എനിക്ക് വെറുപ്പായിരുന്നു. തലമുതൽ കാൽ വിരലുകൾ വരെ പൊതിയുന്ന വസ്ത്രപാളികൾ ധരിക്കുന്നതും എനിക്കിഷ്ടമല്ലായിരുന്നു. കഴിഞ്ഞ ഏഴ് വർഷമായി ഞാൻ താമസിച്ചുകൊണ്ടിരുന്നത് ഭാരതത്തിലെ ഊഷ്മളവും പ്രസന്നവുമായ കാലാവസ്ഥയുള്ള ആന്ധ്രാപ്രദേശിലാണ്. അവിടെ ശൈത്യം എന്നുള്ളത് ചിന്തിക്കുവാൻ പോലും സാദ്ധ്യമല്ല. ഞാൻ ഇപ്പോൾ താമസിക്കുന്ന ഇന്ത്യാനാപൊലിസിലെ തണുപ്പ് തീർച്ചയായും അവിടെയില്ല.

ഇന്ത്യയിലെ ചൂടുകൂടിയ സംസ്ഥാനങ്ങളിൽ ഒന്നാണ് ആന്ധ്രാപ്രദേശ്. പ്രത്യേകാൽ, സംസ്ഥാനത്തിന്റെ മധ്യഭാഗങ്ങളിൽ വേനൽക്കാലത്തെ പരമാവധി അന്തരീക്ഷ ഊഷ്മാവ് 37 മുതൽ 42 ഡിഗ്രി വരെ വർദ്ധിച്ച് ചൂടും ഈർപ്പവും അസാമാന്യമായി മാറും. ശീതകാലം ഏതാണ്ട് ചെറുകുളിരോട് കൂടിയതാണ്. ജനുവരിയിൽ പരമാവധി അന്തരീക്ഷ ഊഷ്മാവ് 30 മുതൽ 35 ഡിഗ്രിക്കും ഇടയിലാണ്. എന്നാൽ സംസ്ഥാനത്തിന്റെ വടക്കുകിഴക്കൻ മേഖലകളിൽ ശൈത്യകാലത്തിന്റെ അത്യുച്ചസമയങ്ങളിൽ പതിനഞ്ച് ഡിഗ്രി വരെ ചൂട് കുറയാറുണ്ട്.

നല്ല വസ്ത്രം ധരിച്ച് പ്രബന്ധാവതരണത്തിനായി വളരെ ഒരുങ്ങി തയ്യാറായി ഞാൻ ഇറങ്ങിയെങ്കിലും എന്റെ കണ്ണുകൾ നിദ്രാലസമായിരുന്നു. വേദനയും തളർച്ചയും എന്റെ കണ്ണുകളിൽ ഞാൻ അപ്പോഴും അനുഭവിച്ചു കൊണ്ടിരുന്നു. നടന്നു കൊണ്ടിരുന്നപ്പോൾ ഒരു മദ്യപാനിയെപ്പോലെ ഞാൻ കാണപ്പെട്ടു. ആ ശൈത്യകാലത്തെ ശപിച്ചുകൊണ്ട് കാമ്പസിലേക്ക് ചെറിയ വേഗത്തിൽ ഞാനോടുവാൻ തുടങ്ങി. പെട്ടെന്ന് എന്തോ സംഭവിച്ചു. പലപ്രാവശ്യം അത് സംഭവിച്ചിട്ടുണ്ടെങ്കിലും ഇപ്രാവശ്യം അതെനിക്ക് ഗൗനിക്കാതിരിക്കാൻ കഴിഞ്ഞില്ല.

അല്പം ഹിമപടലം എന്റെ വലതുകണ്ണിൽ പതിച്ചു. ഞാനെന്റെ കണ്ണുതുടച്ചു. എന്നാൽ ഒറ്റ നിമിഷം കൊണ്ട് ഒരു പരിവർത്തനം സംഭവിക്കുന്നത് ഞാൻ അനുഭവിച്ചറിഞ്ഞു. എന്റെ കണ്ണിന് അതൊരു സാന്ത്വനമായി മാറുകയായിരുന്നു. തണുപ്പിന്റെ പ്രഭാവം മൂലം വേദന അപ്രത്യക്ഷമാകുന്നത് ഞാനറിഞ്ഞു. പിന്നെ ആ മഞ്ഞു വീഴ്ചയെ കൂടുതൽ അനുഭവിക്കുവാൻ ഞാനാഗ്രഹിച്ചു. ആ തണുപ്പിൽ തന്നെ നിൽക്കുവാൻ ഞാനാശിച്ചുപോയി. മഞ്ഞ് എന്നെ പൂർണ്ണമായി തണുപ്പിച്ച് എന്റെ വേദനകളെ എടുത്തുമാറ്റി നിരർത്ഥകമായി തീരുവാൻ ഞാൻ ആഗ്രഹിച്ചുപോയി. മഞ്ഞ് എന്റെ കണ്ണിലും മുഖത്തും വീഴത്തക്ക നിലയിൽ തലയുയർത്തി ആകാശത്തിലേക്ക് നോക്കി ഞാൻ നിന്നു. അത് വളരെ ആശ്വാസജനക

(ശേഷം രണ്ടാം പേജിൽ)

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442